# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5376 — 01.07.2019 ൽ മറുപടിക്ക്

### വാണിജ്യമിഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) വാണിജ്യമേഖലയുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് രൂപീകരിച്ച വാണിജ്യമിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | എ) സംസ്ഥാനത്തെ വ്യവസായ സംരംഭക ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി, അവയുടെ ദേശീയ അന്തർദേശീയ വിപണനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 3/12/18 -ലെ സ.ഉ(സാധാ)നം.1329/18/വ്യവ ഉത്തരവ് പ്രകാരം വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്.<br><br>വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സംസ്ഥാനത്തെ ചെറുകിട വ്യാപാരമേഖലയെ പ്രോൽസാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക, ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.<br><br>2. ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന മേജർ ടെക് ഫെയറുകളിൽ സംസ്ഥാനത്തു നിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.<br><br>3. കേരളത്തിലെ നിക്ഷേപകർ/ സംരംഭകർക്ക് ദേശീയ അന്തർദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക.<br><br>4. ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക. |

| | | | |
|---|---|---|---|
| | | | 5. ഭക്ഷ്യ സംസ്കരണം, കൈത്തറി, വസ്ത്രം, കരകൗശല സാധനങ്ങൾ, തടി ഫർണിച്ചർ, ബാംബൂ ഉത്പന്നങ്ങൾ, കേരള സോപ്പ് എന്നിവയുടെ വിപണനം പ്രമോട്ട് ചെയ്യുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാനതലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.<br>6. പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക.<br>7. വിദേശ നിക്ഷേപങ്ങൾക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക.<br>8. വാണിജ്യ മേഖലയിലെ വൈദ്യുതി ഉപയോഗത്തിന്റെ നിലവിലെ നിരക്കുകൾ സർക്കാർ പുനപരിശോധിക്കും.<br>9. മൊത്ത വ്യാപാരികൾക്കും, ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും അവാർഡുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കും.<br>10. വാണിജ്യ സേവനമേഖലയുടെ വളർച്ചയ്ക്കായി സർക്കാർ ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കും. |
| ബി) | ഇതിന്റെ പ്രവർത്തനം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രവർത്തനം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | ബി) | കേരള വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ പ്രാരംഭ ദശയിൽ ആയതിനാൽ പ്രവർത്തനങ്ങൾ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടില്ല. വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾക്കായി കരട് രൂപരേഖയും നിയമാവലിയും തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**